"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരം പഠന മുറിയ്ക്ക് അനുവദിക്കാവുന്ന തുക - ഗഡുക്കളായി അനുവദിക്കുന്നതിന് - സ്പഷ്ടീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.221/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2020

---

പരാമർശം:- 1 സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.10

<u>ഉത്തരവ്</u>

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോടു ചേർന്ന് സൗകര്യം ഉണ്ടെങ്കിൽ പരമാവധി 2 ലക്ഷം രൂപ അനുവദിച്ച് 100 ചതുരശ്ര അടിയിലധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതാണെന്ന് പരാമർശം (1) സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2.17 പ്രകാരം ഉത്തരവായിരുന്നു. മേൽ പ്രകാരം നൽകാവുന്ന തുകയുടെ ഗഡുക്കൾ അനുവദിക്കുന്നത് സംബന്ധിച്ച്, പരാമർശം (2) യോഗതീരുമാനപ്രകാരം, ചുവടെയുള്ള സ്പഷ്ടീകരണം നല്കി ഉത്തരവാകുന്നു.

2. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് നൽകാവുന്ന തുകയിൽ ആദ്യ ഗഡുവായി 50,000/- രൂപയും ബാക്കി തുക വാല്യുവേഷന്റെ അടിസ്ഥാനത്തിലുമാണ് നിലവിൽ നൽകി വരുന്നത്. ഈ രീതിക്കു പകരം, 50,000/- രൂപ ആദ്യ ഗഡുവായും, ശേഷിക്കുന്ന തുക 75,000/- രൂപയുടെ രണ്ട് ഗഡുക്കളായും നൽകാവുന്നതാണ്. ആദ്യ ഗഡു നൽകി, അതിന്റെ നിർമ്മാണം നടത്തി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു നൽകാവുന്നതാണ്. പഠനമുറി പൂർത്തിയാക്കി അതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവായ 75,000/- രൂപയിൽ നിന്ന് അർഹതപ്പെട്ട തുക നൽകാവുന്നതാണ്.

3. പ്രസ്തുത പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തുന്നത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ ആയിരിക്കേണ്ടതാണ്.

4. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (1409480)

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ